Sectt. 37. 3/535/2012/3 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – 35-ാമത് ദേശീയ ഗെയിംസ് - ഒരു കോടി ഓട്ടം - സംഘാടന ചെലവുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും സംഭാവന – യഥേഷ്ടാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം.3290/2014/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 12.12.2014.

പരാമർശം:-

ബഹു: വനം പരിസ്ഥിതി, ഗതാഗത, സ്പോർട്സ്, സിനിമ വകുപ്പ് മന്ത്രിയുടെ 12.11.2014-ലെ 406/CA(1) 13/M (Forest & Tr) നമ്പർ കത്ത്.

**ഉത്തരവ്**

35-ാമത് ദേശീയ ഗെയിംസ് 2015 ജനുവരി 31 മുതൽ ഫെബ്രുവരി 14 വരെ സംസ്ഥാനത്തെ ഏഴ് ജില്ലകളിലായി വിവിധ വേദികളിൽ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. ദേശീയ ഗെയിംസിന്റെ പ്രചരണാർത്ഥം ഒരു കോടി ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഓട്ടം (ONE CRORE RUN) നാടിന്റെ നാനാ ഭാഗങ്ങളിലുമായി നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നതായും ടി പരിപാടിയുടെ നടത്തിപ്പ് ചെലവുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിനും, പരിപാടിയുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സഹകരിക്കുന്നതിനും ആവശ്യമായ അനുമതിയാണ് പരാമർശം പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. 35-ാം ദേശീയ ഗെയിംസിന്റെ പ്രചരണാർത്ഥം ഒരു കോടി ജനങ്ങളെ പങ്കെടുപ്പിച്ച് സംസ്ഥാനത്തിന്റെ നാനാ ഭാഗങ്ങളിലുമായി നടത്തുന്ന (ONE CRORE RUN)എന്ന പരിപാടിയുടെ സംഘാടന ചെലവുകൾക്ക് സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകൾക്ക് പരമാവധി 2000/- (രണ്ടായിരം രൂപ മാത്രം) വീതവും, നഗരസഭകൾക്ക് പരമാവധി 5,000/- (അയ്യായിരം രൂപ മാത്രം) വീതവും മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് പരമാവധി 10,000/- (പതിനായിരം രൂപ മാത്രം) വീതവും ബന്ധപ്പെട്ട ധനവിനിയോഗ ചട്ടങ്ങൾക്കും, കൗൺസിൽ / കമ്മിറ്റി തീരുമാനത്തിനും വിധേയമായി തനത് ഫണ്ടിൽ നിന്നും ചെലവഴിക്കാനുള്ള യഥേഷ്ടാനുമതിയും സംഘാടകരുമായി ബന്ധപ്പെട്ട് അവർക്കാവശ്യമായ പരമാവധി സഹായ സഹകരണങ്ങളും നൽകുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി.റംലത്ത്,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട നഗരസഭകൾക്ക് നൽകേണ്ടതാണ്)

(...2)

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും. (ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്കും നൽകേണ്ടതാണ്)
മേയർ / സെക്രട്ടറി, തിരുവനന്തപുരം / കൊല്ലം / തൃശ്ശൂർ / കൊച്ചി / കോഴിക്കോട്.
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
സെക്രട്ടറി, 35-ാമത് ദേശീയ ഗെയിംസ് സെക്രട്ടറിയേറ്റ്, പാളയം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

1. ബഹു: പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.
2. ബഹു: വനം, പരിസ്ഥിതി, ഗതാഗതം, സ്പോർട്സ് സിനിമ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.
3. ബഹു: നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി (ഗ്രാമ വികസനം / നഗരകാര്യം) യുടെ പി.എ.മാർക്ക്.
5. ഡെപ്യൂട്ടി സെക്രട്ടറി / അണ്ടർ സെക്രട്ടറി, തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്.
6. എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)